മലയാള മനോരമ 2012 ജൂലൈ 15 ഞായർ www.manoramaonline.com

# അലുമിനിയം ഡീലേഴ്സ് ഫോറം വാർഷിക സമ്മേളനം സമാപിച്ചു



അലുമിനിയം ഡീലേഴ്സ് ഫോറം വാർഷിക സമ്മേളനം കൊച്ചിയിൽ മേയർ ടോണി ചമ്മണി ഉദ്ഘാടനം ചെയ്യുന്നു. കെ.ആർ. സുധീന്ദ്രൻ, എം.എൻ. ബാബു, മധുബെൻ ഏബ്രഹാം, ആർ. ഹരികുമാർ, ജോസ് തോമസ്, കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, കെ. വെങ്കിടേഷ് പൈ, ബൈജു കെ. തോമസ്, അഹമ്മദ് ഇക്ബാൽ എന്നിവർ സമീപം. ചിത്രം: മനോരമ

കൊച്ചി ● അലുമിനിയം ഡീലേഴ്സ് ഫോറം (എഡിഎഫ്) വാർഷിക സമ്മേളനം മേയർ ടോണി ചമ്മണി ഉദ്ഘാടനം ചെയ്തു. നിർമാണ പ്രവർത്തനങ്ങളിൽ മരത്തിന്റെ ഉപയോഗം പരമാവധി കുറയ്ക്കാൻ സഹായിക്കുന്ന അലുമിനിയം വ്യവസായത്തെ പരിസ്ഥിതിയുമായി ബന്ധപ്പെടുത്തണമെന്ന് മേയർ പറഞ്ഞു. വി-ഗാർഡ് ഇൻഡസ്ട്രീസ് വൈസ് ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി മുഖ്യാതിഥിയായി. എഡിഎഫ് സംസ്ഥാന പ്രസിഡന്റ് എം. എൻ. ബാബു അധ്യക്ഷത വഹിച്ചു. എലൈറ്റ് എക്സ്ട്രുഷൻ എംഡി ആർ. ഹരികുമാർ, ചോയ്സ് ഗ്രൂപ്പ് ചെയർമാൻ ജോസ് തോമസ്, കേരള മർച്ചന്റ്സ് യൂണിയൻ പ്രസിഡന്റ് കെ. വെങ്കിടേഷ് പൈ, എഡിഎഫ് സംസ്ഥാന ജോയിന്റ് സെക്രട്ടറി മധുബെൻ ഏബ്രഹാം, വൈസ് പ്രസിഡന്റ് അഹമ്മദ് ഇക്ബാൽ, സെക്രട്ടറി കെ.ആർ.സുധീന്ദ്രൻ, ട്രഷറർ ബൈജു കെ. തോമസ് പ്രസംഗിച്ചു. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യക്കുള്ള സഹായധനം എം. എൻ. ബാബു കൈമാറി.